**വിവരാവകാശം / മറുപടി**

നമ്പർ: E4-10799/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 23.02.2017.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി.അനു.എസ്,
തെക്കുകര ഹൗസ്,
വെള്ളിയാന പി.ഒ
689 612.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 21.1.17ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.എ) ഈ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് 10, ഓഫീസ് അറ്റൻഡന്റ് -17, വാച്ച്മാൻ-3, എന്നിങ്ങനെയാണ് അനുവദനീയമായ തസ്തികകൾ

ബി) ക്ലർക്ക് തസ്തികയിൽ നിലവിൽ 13 പേരും (3 പേർ അധികം) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 17 പേരും വാച്ച്മാൻ തസ്തികയിൽ 3 പേരും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

2.എ) 31.3.2015 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ഉണ്ടായ ഒഴിവുകൾ താഴെ പറയുന്നു.

ക്ലർക്ക് - ഇല്ല, വാച്ച്മാൻ - 4, ഓഫീസ് അറ്റൻഡന്റ് - 1

i) റിട്ടയർമെന്റ് മുഖേന ഒന്ന് (ഓഫീസ് അറ്റൻഡന്റ്)

iv) തസ്തികമാറ്റം മുഖേന അനുവദിച്ചുണ്ടായ ഒഴിവുകൾ - 4 (വാച്ച്മാൻ)

ബി) ഒഴിവുകളെല്ലാം നികത്തപ്പെട്ടിട്ടുള്ളത്. നിലവിൽ ഒഴിവുകൾ ഇല്ല.

3.എ, ബി, സി, ഡി, ഇ } നികത്തപ്പെടാൻ ഒഴിവുകൾ അവശേഷിക്കുന്നില്ലാത്തതിനാൽ ബാധകമല്ല.

db@15

എന്റ്

4. ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികകളിൽ താൽക്കാലികമായിട്ടോ, കോൺട്രാക്റ്റ് അടിസ്ഥാനത്തിലോ, ദിവസക്കൂലിയ്ക്കോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആരും തന്നെ ജോലി ചെയ്യുന്നില്ല.

5. എല്ലാ ഒഴിവുകളും യഥാസമയം തന്നെ റിപ്പോർട്ട് ചെയ്ത് നികത്തിവരുന്നുണ്ട്. 2017 വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.

5a. ബാധകമല്ല.

5b. വകുപ്പ് അദ്ധ്യക്ഷയായ സാമൂഹ്യനീതി ഡയറക്ടറാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. നിലവിലെ ഡയറക്ടർ ശ്രീമതി. അനുപമ റ്റി.വി, IAS.

6. ബാധകമല്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ.ശ്യാംശങ്കർ**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി വകുപ്പ്

db a 15